**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1597** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിലെ മണ്ണഞ്ചേരി, കലവൂർ, കോമളപുരം എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ സ്മാർട്ടാക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്.<br><br>മേൽ പരാമർശിച്ച സംവിധാനങ്ങൾ ഉൾക്കൊള്ളിച്ച ഏകീകൃത ഡിസൈൻ അവലംബിച്ചുകൊണ്ട് 50 ലക്ഷം രൂപയിൽ അധികരിക്കാതെ ഭൂമിയുടെ കിടപ്പും മണ്ണിന്റെ ഘടനയും മറ്റും കണക്കിലെടുത്ത് (site specific) ജില്ലാതലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രസ്തുത സ്മാർട്ട് വില്ലേജ് ഓഫീസ് |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളുടെ നിർമ്മാണം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | മണ്ണഞ്ചേരി, കലവൂർ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർവ്വഹണ ഏജൻസിയായി യഥാക്രമം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. കോമളപുരം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (സി) | 1.**മണ്ണഞ്ചേരി - പ്ലാൻ സ്കീം 2022-23-ൽ ഭരണാനുമതി നൽകിയ മണ്ണഞ്ചേരി സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരുന്ന എഗ്രിമെന്റ് 17/08/2023 തീയതിയിൽ ജില്ലാ കളക്ടർ അംഗീകരിക്കുകയും തുടർന്ന് നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ വേണ്ട നിർദേശം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്.**<br><br>2.കലവൂർ - **പ്ലാൻ സ്കീം 2022-23 പ്രകാരം ഭരണാനുമതി നൽകിയ കലവൂർ സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരുന്ന എഗ്രിമെന്റിൽ ചില കൂട്ടിചേർക്കലുകൾ ആവശ്യമുള്ളതിനാൽ ആയത് ഉൾപ്പെടുത്തിയ പുതുക്കിയ എഗ്രിമെന്റ് നിർവ്വഹണ ഏജൻസിയിൽ നിന്നും അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ച് വരികയാണ്.**<br><br>3.കോമളപുരം - പ്ലാൻ സ്കീം 2023-24 പ്രകാരം സ്മാർട്ട് വില്ലേജ് കെട്ടിടത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള കോമളപുരം വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുക്കുന്ന കാര്യം ജില്ലാ കളക്ടർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ